(ബി) ഉണ്ട്, അല്ല. കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 81(3) പ്രകാരം വ്യവസായ, വിദ്യാഭ്യാസ, ജീവകാരുണ്യ സ്ഥാപനങ്ങൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി അധിക ഭൂമി കൈവശം വയ്ക്കാൻ അനുമതി നൽകിവരുന്നുണ്ട്. ഇവ കൂടാതെ, വ്യവസായം, വൈദ്യശാസ്ത്രം, വിദ്യാഭ്യാസം, ടൂറിസം, ഇൻഫർമേഷൻ ടെക്നോളജി എന്നീ മേഖലകളിൽ കുറഞ്ഞത് 10 കോടി രൂപ മുതൽമുടക്കും 20 പേർക്ക് തൊഴിലും നൽകുന്ന തൊഴിൽദായകർക്ക് കേരള ഭൂപരിഷ്കരണ നിയമത്തിലെ വകുപ്പുകൾ പ്രകാരവും സർക്കാർ നിശ്ചയിക്കുന്ന നിബന്ധനകൾക്ക് വിധേയമായി സീലിംഗ് പരിധിയിൽ ഇളവ് നൽകുന്നതിന് 22-8-2015-ലെ സ.ഉ. (എംഎസ്.) നമ്പർ 408/2015 റവന്യൂ പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ഇതിനായി സർക്കാരിനു സമർപ്പിക്കുന്ന അപേക്ഷ അതാത് ജില്ലാ കളക്ടർമാർ അദ്ധ്യക്ഷനായുള്ള ജില്ലാതല കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് സർക്കാർ തീരുമാനം കൈക്കൊള്ളുന്നത്. ഭൂപരിഷ്കരണ നിയമത്തിലെ 81(3)-ാം വകുപ്പുപ്രകാരം പൊതു പ്രസക്തിയുള്ള സംരംഭങ്ങളാണെന്ന് ബോധ്യമാകുന്നവയ്ക്കാണ് ഇളവ് നൽകുന്നത്.

(സി) സർക്കാരിന്റെ 22-8-2015-ലെ ജി.ഒ.(എം.എസ്) 408/2015/ ആർ.ഡി. നമ്പർ ഉത്തരവിനുശേഷം 2 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇടുക്കി-1, എറണാകുളം-1. ഇവയ്ക്ക് അനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

റിസോർട്ട് മാഫിയകൾ

170 (1249) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ മലയോര ജില്ലകളിലെ നൂറുകണക്കിന് ഏക്കർ ഭൂമി മൂവായിരത്തിലധികം വരുന്ന റിസോർട്ട് മാഫിയകളും ഭൂപ്രമാണിമാരും കൈവശപ്പെടുത്തിയതായുള്ള പത്രവാർത്തകൾ റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതേക്കുറിച്ച് അന്വേഷിക്കുകയുണ്ടായോ എന്ന് വ്യക്തമാക്കുമോ;

(ബി) അനധികൃതമായി പ്രവർത്തിച്ചുവരുന്ന റിസോർട്ടുകളെക്കുറിച്ച് ലഭിച്ച വിവരങ്ങൾ വ്യക്തമാക്കുമോ;

(സി) 2005 വരെയുള്ള കൈവശ ഭൂമിക്ക് പട്ടയം നൽകാൻ സർക്കാർ എടുത്തിരുന്ന തീരുമാനത്തിന്റെ മറവിൽ റിസോർട്ട് മാഫിയകൾ നൂറുകണക്കിന് ഏക്കർ ഭൂമികൾ സ്വന്തമാക്കാനിടയാകുമായിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly